**മധുരമായ കുട്ടികളെ- ഇപ്പോൾ നിങ്ങളുടെ വിളി കേൾക്കുകയാണ്, അച്ഛൻ നിങ്ങളെ ദുഃഖത്തിൽ നിന്നും സുഖത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്, ഇപ്പോൾ നിങ്ങൾ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്, തിരിച്ച് വീട്ടിലേയ്ക്ക് പോകണം.**

**ചോദ്യം-** സദാ യോഗയുക്തമായിരിക്കുന്നതിനും ശ്രീമതത്തിലൂടെ നടക്കുന്നതിനുമുള്ള ആജ്ഞ കുട്ടികൾക്ക് വീണ്ടും വീണ്ടും ലഭിക്കുന്നത് എന്തുകൊണ്ടാണ്?
**ഉത്തരം-** എന്തുകൊണ്ടെന്നാൽ ഇപ്പോൾ അന്തിമ വിനാശത്തിന്റെ ദൃശ്യം മുന്നിലുണ്ട്. കോടിക്കണക്കിന് മനുഷ്യർ മരിക്കും, പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകും. ആ സമയത്ത് സ്ഥിതി ഏകരസമായിരിക്കാൻ, എല്ലാ ദൃശ്യങ്ങളും കണ്ടുകൊണ്ടും മൃഗത്തിന് പ്രാണവേദന വേട്ടക്കാരന് ആനന്ദം......... ഇങ്ങനെ അനുഭവമുണ്ടാകണം, അതിനായി യോഗയുക്തമായി മാറേണ്ടിവരും. ശ്രീമതത്തിലൂടെ നടക്കുന്ന യോഗീ കുട്ടികൾക്കേ സന്തോഷത്തോടെ ഇരിക്കാൻ സാധിക്കൂ. അവരുടെ ബുദ്ധിയിലുണ്ടാകും നമ്മൾ പഴയ ശരീരം ഉപേക്ഷിച്ച് തന്റെ മധുരമായ വീട്ടിലേയ്ക്ക് പോകും.

ഓംശാന്തി. ആത്മീയ അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികളോട് ആത്മീയ സംഭാഷണം നടത്തുകയാണ് അഥവാ ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുകയാണ് എന്തുകൊണ്ടെന്നാൽ ആത്മാക്കൾ ഭക്തിമാർഗ്ഗത്തിൽ വളരെ അധികം ഓർമ്മിച്ചിട്ടുണ്ട്. എല്ലാവരും ഒരേ ഒരു പ്രിയതമന്റെ പ്രിയതമകളാണ്. ആ പ്രിയതമനായ ശിവബാബയുടെ ചിത്രം ഉണ്ടാക്കിയിട്ടുണ്ട്.അതിനെ ഇരുന്ന് പൂജിക്കുന്നു. അവരിൽ നിന്ന് എന്താണ് ചോദിക്കാൻ ആഗ്രഹിക്കുന്നത് എന്ന് അറിയില്ല. എല്ലാവരും പൂജിക്കുന്നുണ്ട്, ശങ്കരാചാര്യരും പൂജിക്കുന്നു. എല്ലാവരും അവരെ ശ്രേഷ്ഠമെന്നു കരുതുന്നു. തീർച്ചയായും ധർമ്മസ്ഥാപകരുണ്ട്, പക്ഷേ അവരും പുനർജന്മങ്ങളെടുത്ത് താഴേയ്ക്കു വരുന്നു. ഇപ്പോൾ എല്ലാവരും അവസാന ജന്മത്തിലെത്തിയിരിക്കുന്നു. ബാബ പറയുന്നു നിങ്ങൾ ചെറിയവരുടേയും മുതിർന്നവരുടേയും എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണിപ്പോൾ. ഞാൻ നിങ്ങളെല്ലാവരേയും തിരിച്ച് കൊണ്ടുപോകും. എന്നെ വിളിക്കുന്നത് തന്നെ പതിതലോകത്തിലേയ്ക്ക് വരൂ എന്നു പറഞ്ഞാണ്. എത്ര ബഹുമാനം നൽകുന്നു. പതിതലോകത്തിലേയ്ക്ക് പരദേശത്തിലേയ്ക്ക് വരൂ. തീർച്ചയായും ദുഃഖിയാണ് അതിനാലല്ലേ വിളിക്കുന്നത്. ദുഃഖഹർത്താ സുഖകർത്താ എന്നാണ് പാടുന്നത് അതിനാൽ തീർച്ചയായും മോശമായ ലോകത്തിൽ പഴയ ശരീരത്തിൽത്തന്നെ വരേണ്ടിവരും. അതും തമോപ്രധാന ശരീരത്തിൽ. സതോപ്രധാന ലോകത്തിൽ ആരും എന്നെ ഓർമ്മിക്കുകപോലുമില്ല. ഡ്രാമ അനുസരിച്ച് ഞാൻ എല്ലാവരേയും സുഖിയാക്കി മാറ്റുന്നു. വിവേകപൂർവ്വം ചിന്തിക്കണം സത്യയുഗത്തിൽ തീർച്ചയായും ആദിസനാതന ദേവീദേവതാ ധർമ്മം ഉണ്ടാകും പിന്നീട് സത്സംഗങ്ങളിൽ കേവലം ശാസ്ത്രങ്ങൾ പഠിച്ച് പഠിച്ച് താഴേയ്ക്ക് ഇറങ്ങി വരുന്നു. പാതാളത്തിൽ പെടുന്നവർ ദുഃഖിയാകുന്നു. ഇത് തീർത്തും ദുഃഖധാമമാണ്. ബാബ എത്ര സഹജമാക്കിയാണ് പറഞ്ഞുതരുന്നത് എന്തെന്നാൽ പാവം അബലകൾക്ക് ഒന്നും അറിയില്ല. ചിലർക്ക് ഇതുപോലും അറിയില്ല വീണ്ടും തിരിച്ച് പോകണോ അതോ സദാ പുനർജന്മങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണോ. ഇപ്പോൾ എല്ലാ ധർമ്മത്തിലുള്ളവരുമുണ്ട്. മുഴുവൻ ചക്രവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ബാക്കി ആരുടേയും ബുദ്ധിയിൽ ഈ കാര്യങ്ങളുണ്ടാവുക സാധ്യമല്ല. അവരാണെങ്കിൽ കല്പത്തിന്റെ ആയുസ്സിനെത്തന്നെ ലക്ഷക്കണക്കിന് വർഷങ്ങൾ എന്നാണ് പറയുന്നത്. ഇതിനെയാണ് ഘോരാന്ധകാരം എന്നു പറയുന്നത്. ജ്ഞാനമാണ് തീവ്രമായ പ്രകാശം. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ പ്രകാശമുണ്ട്. നിങ്ങൾ ഏതെങ്കിലും ക്ഷേത്രത്തിലേയ്ക്ക് പോവുകയാണെങ്കിൽ പറയും ഞങ്ങൾ ശിവബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത്. ഞങ്ങളാണ് ഈ ലക്ഷ്മീ നാരായണനായി മാറുന്നത്. ഈ കാര്യങ്ങൾ മറ്റു സത്സംഗങ്ങളിൽ ഉണ്ടാകില്ല. അതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ഇപ്പോൾ നിങ്ങൾ രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും അറിയുന്നു. ഋഷി മുനിമാർ പോലും പറഞ്ഞത് ഞങ്ങൾക്ക് അറിയുകയില്ല എന്നാണ്. നിങ്ങൾക്കും ആദ്യം അറിയില്ലായിരുന്നു. ഈ സമയത്ത് മുഴുവൻ വിശ്വവും ഭക്തിയിലാണ്. ഇത് പഴയലോകമാണ്, എത്രയധികം മനുഷ്യരാണ്. സത്യയുഗമാകുന്ന പുതിയ ലോകത്തിൽ ഒരേ ഒരു അദ്വൈത ധർമ്മമാണ് ഉണ്ടായിരുന്നത് പിന്നീടാണ് ദ്വൈതധർമ്മം ഉണ്ടാകുന്നത്. അനേക ധർമ്മങ്ങൾ ഉള്ളപ്പോൾ കൈയ്യടി ശബ്ദം ഉയരും. എല്ലാവരും പരസ്പരം വഴക്കാണ്. ഡ്രാമ അനുസരിച്ച് അവരുടെ പോളിസി അങ്ങിനെയാണ്. എന്തിനെയെങ്കിലും വേർപിരിച്ചാൽ യുദ്ധം ഉണ്ടാകും, പാർട്ടീഷ്യൻ ഉണ്ടാകും. മനുഷ്യർ അച്ഛനെ അറിയാത്ത കാരണത്താൽ കല്ലുബുദ്ധിയായിരിക്കുന്നു. ഈ സമയം ബാബ മനസ്സിലാക്കിത്തരുകയാണ് ദേവീ ദേവതാ ധർമ്മം പ്രായലോപമായിരിക്കുന്നു. ഇവർക്കും രാജ്യം ഉണ്ടായിരുന്നു എന്ന് അറിയുന്ന ഒരാൾ പോലുമില്ല. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ദേവതയാവുകയാണ്. ശിവബാബ നമ്മുടെ അനുസരണ

യുള്ള സേവകനാണ്. വലിയ വലിയ ആളുകൾ എപ്പോഴും കത്തെഴുതുമ്പോൾ താഴെ എഴുതും അനുസരണയുള്ള സേവകൻ. അച്ഛനും പറയുന്നു ഞാൻ അനുസരണയുള്ള സേവകനാണ് അപ്പോൾ ദാദായും പറയുന്നു ഞാനും അനുസരണയുള്ള സേവകനാണ്. ഞാൻ വീണ്ടും 5000 വർഷങ്ങൾക്കുശേഷം ഓരോ കല്പത്തിലും പുരുഷോത്തമ സംഗമയുഗത്തിൽ വരുന്നു. വന്ന് കുട്ടികളുടെ സേവനം ചെയ്യുന്നു. എന്നെ വിളിക്കുന്നത് ദുരദേശത്ത് വസിക്കുന്നവനേ..... എന്നാണ് പക്ഷേ ഇതിന്റേയും അർത്ഥം അറിയുന്നില്ല. എത്രയധികം ശാസ്ത്രങ്ങളാണ് പഠിക്കുന്നത് എന്നിട്ടും അർത്ഥം മനസ്സിലാക്കുന്നില്ല. അച്ഛൻ വന്ന് മുഴുവൻ വേദശാസ്ത്രങ്ങളുടെ സാരം മനസ്സിലാക്കിത്തരുന്നു.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ സമയം രാവണന്റെ രാജ്യമാണ്. മനുഷ്യർ പതിതമായിക്കൊണ്ടിരിക്കുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്. നിങ്ങൾ കുട്ടികളെ നരകത്തിൽ നിന്നും എടുത്ത് സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകുന്നു. അതിനേയാണ് അല്ലാഹുവിന്റെ പൂന്തോട്ടം എന്ന് പറയുന്നത്. ഈ കലിയുഗം മുള്ളുകളുടെ കാടാണ്. സംഗമയുഗമാണ് പൂക്കളുടെ പൂന്തോട്ടം. അവിടെ നിങ്ങൾ സദാ സുഖിയായിരിക്കും. സദാ ആരോഗ്യവാനും സദാ സമ്പത്തിവാനുമായി മാറുന്നു. അര കല്പം സുഖം, പിന്നീട് അര കല്പം ദുഃഖം, ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇതിന് അവസാനം ഉണ്ടാവുകയില്ല. ഏറ്റവും വലിയ അച്ഛൻ വരുന്നു എല്ലാവരേയും ശാന്തിധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും കൊണ്ടുപോകുന്നു. നിങ്ങൾ സുഖധാമത്തിലേയ്ക്ക് പോകുമ്പോൾ ബാക്കി എല്ലാവരും ശാന്തീധാമത്തിൽ ഇരിക്കും. അര കല്പം സുഖത്തിന്റേതാണ്, അര കല്പം ദുഃഖത്തിന്റേതും. അതിലും സുഖമാണ് കൂടുതൽ. അഥവാ പകുതി പകുതി ആയിരുന്നെങ്കിൽ എന്ത് രുചിയുണ്ടാകാനാണ്. ഭക്തിമാർഗ്ഗത്തിലും വളരെ വലിയ ധനികർ ഉണ്ടായിരുന്നു. നമ്മൾ എത്ര ധനവാനായിരുന്നു എന്നത് ഇപ്പോൾ നിങ്ങൾക്ക് ഓർമ്മ വരുന്നു! വലിയ ധനവാന്മാർ പാപ്പരാകുമ്പോൾ എന്റെ കൈയ്യിൽ എത്ര ധനമുണ്ടായിരുന്നു, എന്തെല്ലാമുണ്ടായിരുന്നു എന്ന് ചിന്തിക്കും. അച്ഛൻ മനസ്സിലാക്കിത്തരുന്നു ഭാരതം സമ്പന്നമായിരുന്നു. സ്വർഗ്ഗമായിരുന്നു. നോക്കൂ ഇപ്പോൾ എത്ര ദരിദ്രമാണ്. ദരിദ്രരോടാണ് ദയ തോന്നുന്നത്. ഇപ്പോൾ തീർത്തും കക്കയായിരിക്കുന്നു. ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നു. ആരാണോ ധനവാനായിരുന്നത് അവർ ഇപ്പോൾ പാപ്പരായിരിക്കുന്നു. ഇതും നാടകമാണ്, ബാക്കി ഏതെല്ലാം ധർമ്മങ്ങൾ വരുന്നോ അതെല്ലാം ഉപകഥകളാണ്. എത്ര ധർമ്മങ്ങളിലാണ് മനുഷ്യരുടെ വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഭാരതവാസികൾക്കു മാത്രമാണ് 84 ജന്മങ്ങളുള്ളത്. ഒരു കുട്ടി മറ്റു ധർമ്മങ്ങളുടെ കണക്കും കാര്യങ്ങളും മനസ്സിലാക്കി അയച്ചുതന്നിരുന്നു. പക്ഷേ ഈ കാര്യങ്ങളിലേയ്ക്ക് ആഴത്തിൽ പോകുന്നതുകൊണ്ട് ഉപകാരമൊന്നുമില്ല. ഇതും സമയത്തെ വ്യർത്ഥമാക്കലാണ്. അഥവാ ഇത്രയും സമയം അച്ഛന്റെ ഓർമ്മയിൽ ഇരുന്നാൽ സമ്പാദ്യം ഉണ്ടാകുമായിരുന്നു. നമ്മുടെ മുഖ്യമായ കാര്യം– നമുക്ക് പൂർണ്ണ പുരുഷാർത്ഥം ചെയ്ത് വിശ്വത്തിന്റെ അധികാരിയായി മാറണം. അച്ഛൻ പറയുന്നു നിങ്ങൾ സതോപ്രധാനമായിരുന്നു ഇപ്പോൾ നിങ്ങൾ തന്നെയാണ് തമോപ്രധാനമായതും. 84 ജന്മങ്ങളും നിങ്ങളാണ് എടുത്തത്, ഇപ്പോൾ വീണ്ടും തിരിച്ച് പോകണം. അച്ഛനിൽ നിന്നും സമ്പത്ത് എടുക്കണം. നിങ്ങൾ അര കല്പം അച്ഛനെ ഓർമ്മിച്ചു, ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നിങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കുകയാണ്. അച്ഛൻ വീണ്ടും നിങ്ങളെ സുഖധാമത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. ഭാരത്തിന്റെ ഉദ്ധാരണത്തിന്റേയും പതനത്തിന്റേയും ഒരു കഥയുമുണ്ട്. ഇപ്പോൾ ഇത് പതിതലോകമാണ്. സംബന്ധവും പഴയതാണ്. ഇപ്പോൾ വീണ്ടും പുതിയ സംബന്ധത്തിലേയ്ക്ക് പോകണം. ഇപ്പോൾ എല്ലാ അഭിനേതാക്കളും ഹാജരാണ്. ഇതിൽ ഒരു വ്യത്യാസവും ഉണ്ടാകില്ല. ആത്മാവ് അവിനാശിയാണ്. എത്രയധികം ആത്മാക്കൾ ഉണ്ടാകും. അതിന് ഒരിയ്ക്കലും വിനാശം ഉണ്ടാകില്ല. ഇത്രയും കോടിക്കണക്കിന് ആത്മാക്കളുണ്ട് ഇവർക്ക് ആദ്യം തിരിച്ച് പോകണം. ബാക്കി ശരീരം എല്ലാവരുടേയും അവസാനിക്കും അതിനാലാണ് ഹോളി ആഘോഷിക്കുന്നത്.

നിങ്ങൾക്ക് അറിയാം നമ്മൾ പൂജ്യരായിരുന്നു പിന്നീട് പൂജാരിയായി, ഇപ്പോൾ വീണ്ടും പൂജ്യരാവുകയാണ്. അവിടെ ഈ ജ്ഞാനവും ഉണ്ടാകില്ല, ഈ ശാസ്ത്രങ്ങളും ഉണ്ടാകില്ല.എല്ലാം അവസാനിക്കും. ആരാണോ യോഗയുക്തമായിട്ടുള്ളത്, ശ്രീമതം അനുസരിച്ച് നടക്കുന്നവർ അവർ എല്ലാം കാണും. എങ്ങനെയാണ് ഭുകമ്പത്തിൽ എല്ലാം വിനാശമാകുന്നതെന്ന്,എങ്ങനെയാണ് ഗ്രാമ ഗ്രാമങ്ങൾ അവസാനിക്കുന്നത് എന്നത് പത്രങ്ങളിലും വരും. ബോംബെ മുമ്പ് ഇത്രയധികം ഉണ്ടായിരുന്നില്ല. സമുദ്രത്തെ വറ്റിച്ചു പിന്നീട് അത് സമുദ്രമായിതന്നെ മാറും. ഈ കെട്ടിടങ്ങൾ മുതലായ ഒന്നും ഉണ്ടാകില്ല. സത്യയുഗത്തിൽ മധുരമായ ജലത്തിനു മുകളിൽ കൊട്ടാരങ്ങളുണ്ടാകും. ഉപ്പുവെള്ളത്തിലായിരിക്കില്ല. അതിനാൽ ഇതും ഉണ്ടാകില്ല. സമുദ്രത്തിൽ ഒരു ഇളക്കം വന്നാൽ മതി എല്ലാം അവസാനിക്കും. വളരെ ഉപദ്രവങ്ങൾ ഉണ്ടാകും. കോടിക്കണക്കിന് മനുഷ്യർ മരിക്കും. ധാന്യം എവിടെ നിന്നു വരാനാണ്. അവരും മനസ്സിലാക്കുന്നുണ്ട് ആപത്തുകൾ വരാനിരിക്കുകയാണ്. മനുഷ്യർ മരിക്കുന്ന സമയത്ത് ആരാണോ യോഗയുക്തമാ

യിരിക്കുന്നത് അവർക്കേ ആനന്ദത്തിൽ ഇരിക്കാൻ കഴിയൂ. മൃഗത്തിന് പ്രാണവേദന വേട്ടക്കാരന് ആനന്ദം. മഞ്ഞു മഴ കാരണത്താൽ ഒരുപാടുപേർ മരിക്കും. വളരെയധികം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകും. ഇതെല്ലാം അവസാനിക്കും. ഇതിനെ പ്രകൃതിക്ഷോപം എന്നാണ് പറയുന്നത് അല്ലാതെ ഭഗവാന്റെ ക്ഷോപം എന്നല്ല. ഭഗവാനെ എങ്ങനെ ദോഷിയാക്കും. ശങ്കരൻ കണ്ണുതുറന്നു അപ്പോൾ വിനാശമുണ്ടായി ഇങ്ങനെയുമല്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ശാസ്ത്രങ്ങളിൽ മിസൈലുകളെക്കുറിച്ച് എഴുതിയിട്ടുണ്ട്. നിങ്ങൾക്ക് അറിയാം എങ്ങനെയാണ് ഈ മിസൈലുകളിലൂടെ വിനാശം ഉണ്ടാകുന്നതെന്ന്. എങ്ങനെ യാണ് അഗ്നി, വായു, വിഷം എന്നിവ അതിൽ കലരുന്നത്. അച്ഛൻ മനസ്സിലാക്കിത്തരുകയാണ്– അവ സാനം എല്ലാവരും പെട്ടെന്ന് മരിക്കും ഒരു കുട്ടിയും ദുഃഖിയാകില്ല, അതിനുവേണ്ടി പ്രകൃതിക്ഷോഭ ത്താൽ പെട്ടെന്ന് മരിക്കും. ഇതെല്ലാം ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ആത്മാവാണെ ങ്കിൽ അവിനാശിയാണ്, ഒരിയ്ക്കലും വിനാശമുണ്ടാകില്ല, ഒരിയ്ക്കലും ചെറുതും വലുതുമാകില്ല. മുഴു വൻ ശരീരവും ഇവിടെ വിനാശമാകും. ബാക്കി ആത്മാക്കൾ എല്ലാവരും മധുരമായ വീട്ടിലേയ്ക്ക് പോകും. അച്ഛൻ കല്പ കല്പം സംഗമയുഗത്തിലാണ് വരുന്നത്, നിങ്ങളും ഈ പുരുഷോത്തമ സംഗമയുഗത്തി ലാണ് ഉയർന്നതിലും ഉയർന്നതായി മാറുന്നത്. വാസ്തവത്തിൽ ശ്രീ ശ്രീ എന്ന് ശിവബാബയേയും ശ്രീ എന്ന് ഈ ദേവതകളേയുമാണ് വിളിക്കുന്നത്. ഇന്നു നോക്കൂ എല്ലാവരേയും ശ്രീ ശ്രീ എന്നു വിളിക്കുന്നു. ശ്രീമതി, ശ്രീമാൻ. ഇപ്പോൾ ശ്രീമതം നൽകുന്നത് ഒരേ ഒരു അച്ഛനാണ്. വികാരത്തിലേയ്ക്ക് പോവു ന്നതെന്താ ശ്രീമതമാണോ. ഇത് തീർത്തും ഭ്രഷ്ഠാചാരീ ലോകം തന്നെയാണ്.

ഇപ്പോൾ മധുര മധുരമായ കുട്ടികളോട് അച്ഛൻ പറയുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ കറയി ല്ലാതാകും. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ട് കമലപുഷ്പസമാനം പവിത്രമായിരിക്കു. ഇപ്പോൾ വിശ്വത്തിന്റെ ആദി മദ്ധ്യ അന്ത്യ ജ്ഞാനം സ്വയത്തിൽ ഉണ്ടായി. പക്ഷേ ഈ അലങ്കാരം നിങ്ങൾക്ക് നൽകാൻ കഴിയില്ല. ഇന്ന് നിങ്ങൾ സ്വയം സ്വദർശന ചക്രധാരിയാണ് എന്ന് മനസ്സിലാക്കുന്നുണ്ട് എന്നാൽ നാളെ മായയുടെ അടികൊള്ളുമ്പോൾ ഈ ജ്ഞാനം പോലും പറന്നു പോകും അതിനാൽ നിങ്ങൾ ബ്രാഹ്മണരുടെ മാലയും ഉണ്ടാക്കാൻ സാധ്യമല്ല. മായ മുഖത്തടിച്ച് ഒരുപാടുപേരെ വീഴ്ത്തുന്നു, അതി നാൽ എങ്ങനെ അവരുടെ മാല ഉണ്ടാക്കാൻ സാധിക്കും. ദശകൾ മാറിക്കൊണ്ടേയിരിക്കും. രുദ്രമാല ശരി യാണ്. വിഷ്ണുവിന്റെ മാലയുമുണ്ട്. ബാക്കി ബ്രാഹ്മണരുടെ മാലയുണ്ടാക്കുക സാധ്യമല്ല. നിങ്ങൾ കുട്ടി കൾക്ക് നിർദേശം നൽകുകയാണ് ദേഹസഹിതം ദേഹത്തിന്റെ മുഴുവൻ സംബന്ധങ്ങളെയും മറന്ന് എന്നെ മാത്രം ഓർമ്മിക്കു. അച്ഛനാണെങ്കിൽ നിരാകാരനാണ്. എനിക്ക് സ്വന്തമായി ശരീരവുമില്ല. ഇവരുടെ വാന പ്രസ്ഥ അവസ്ഥയിൽ 60 വയസ്സ് ആകുമ്പോഴാണ് പിന്നെ വന്നിരിക്കുന്നത്.വാനപ്രസ്ഥ അവസ്ഥയിലാണ് ഗുരുവിന്റെ അടുത്തേയ്ക്ക് പോകുന്നത്. ഞാൻ തന്നെയാണ് സദ്ഗുരു പക്ഷേ ഗുപ്തവേഷത്തിലാണ്. അവർ ഭക്തിമാർഗ്ഗത്തിലെ ഗുരുക്കന്മാരാണ്, ഞാൻ ജ്ഞാനത്തിന്റേയും. പ്രജാപിതാ ബ്രഹ്മാവിനെ നോക്കു എത്രയധികം കുട്ടികളാണ്. ബുദ്ധി പരിധിയുള്ളതിൽ നിന്നും വിട്ട് പരിധിയില്ലാത്തതിലേയ്ക്ക് പോയി. മുക്തിയിലേയ്ക്ക് പോയിട്ട് പിന്നീട് ജീവന്മുക്തിയിലേയ്ക്ക് വരണം. നിങ്ങളാണ് ആദ്യം വരുന്നത് ബാക്കി യുള്ളവർ പിന്നാലെയാണ് വരുന്നത്. ഓരോരുത്തർക്കും ആദ്യം സുഖവും പിന്നീട് ദുഃഖവും അനുഭവി ക്കേണ്ടിവരുന്നു. ഇത് വിശ്വ നാടകമാണ് അതിനാലാണ് പറയുന്നത് അല്ലയോ പ്രഭോ അങ്ങയുടെ ലീല............. നിങ്ങളുടെ ബുദ്ധി മുകളിൽ നിന്ന് താഴെ വരെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. നിങ്ങളാണ് പ്രകാശ സ്തംഭങ്ങൾ, വഴി പറഞ്ഞുകൊടുക്കുന്നവർ. നിങ്ങൾ അച്ഛന്റെ കുട്ടികളല്ലേ. അച്ഛൻ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിത്തീരും. ട്രയിനിലും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും– പരിധിയില്ലാത്ത അച്ഛൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ്, ഭാരതം സ്വർഗ്ഗമായിരുന്നു. അച്ഛൻ വരുന്നത് ഭാരതത്തിലാണ്. ശിവജയന്തിയും ഭാരതത്തിലാണ് ആഘോഷിക്കു ന്നത്. പക്ഷേ എപ്പോഴാണ് ജന്മമുണ്ടാകുന്നത് എന്നത് ആർക്കും അറിയില്ല. തിയതി സമയം രണ്ടുമില്ല എന്തെന്നാൽ ഗർഭത്തിലൂടെയല്ല ജന്മമെടുക്കുന്നത്. അച്ഛൻ പറയുന്നു സ്വയം ആത്മാവാണെന്നു മനസ്സി ലാക്കു. നിങ്ങൾ അശരീരിയായാണ് വന്നത്, പവിത്രമായിരുന്നു വീണ്ടും അശരീരിയായി തിരിച്ചുപോക ണം. എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ പാപം ഇല്ലാതാകും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. പ്രകാശസ്തംഭമായി മാറി എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കണം. ബുദ്ധിയെ പരിധിയുള്ളതിൽ നിന്നും മാറ്റി പരിധിയില്ലാത്തതിലേയ്ക്ക് വെയ്ക്കണം. സ്വദർശനചക്രധാരിയായി മാറണം.

2. ഇപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം അതിനാൽ ഈ വാനപ്രസ്ഥ അവസ്ഥയിൽ സതോപ്രധാന മായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. തന്റെ സമയത്തെ വ്യർത്ഥമാക്കരുത്.

## വരദാനം - സംമ്പന്ധസമ്പർക്കത്തിൽ വരുമ്പോൾ ഡയ്മണ്ടായി ഡയ്മണ്ടുകളെ നോക്കുന്ന പരിശുദ്ധ ഡയ്മണ്ടായി ഭവിക്കൂ.

ബാബ്ദാദയുടെ ശ്രീമതമാണ് ഡയ്മണ്ടായി ഡയ്മണ്ടുകളെ നോക്കുക. ആത്മാക്കൾ കറുത്ത കരിക്കട്ടകൾ ആയാലും, പരിപൂർണ തമോഗുണികളാണെങ്കിലും നിങ്ങളുടെ ദൃഷ്ടി പതിയുന്നതിലൂടെ കറുപ്പ് കുറയുന്നു. അമൃതവേള മുതൽ രാത്രി വരെ എത്ര പേർ സംമ്പന്ധസമ്പർക്കത്തിൽ വന്നാലും ഡയ്മണ്ടായി ഡയ്മണ്ടുകളായി കാണൂ. ഏതെങ്കിലും വിഘ്നങ്ങളിൽ പെട്ട് അഥവാ സ്വഭാവത്തിന് വശപ്പെട്ട് ഡയ്മണ്ടിൽ കറ വീഴ്ത്തരുത്. അനേക രൂപത്തിലുള്ള പരിസ്ഥിതിരൂപീ വിഘ്നങ്ങൾ വരാം എന്നാൽ നിങ്ങൾ അവയുടെ പ്രഭാവത്തിൽ വരാത്ത വിധം ശക്തിശാലികളാകൂ.

## സ്ലോഗൻ - മനസിനേയും ബുദ്ധിയേയും സദാ മന്മതത്തിൽ നിന്നും മുക്തമാക്കി വയ്ക്കുന്നവർ തന്നെയാണ് ആജ്ഞാക്കാരികൾ .

**അവ്യക്ത സൈലൻസിലൂടെ ഡബിൾലൈറ്റ് ഫരിസ്താസ്ഥിതിയുടെ അനുഭവം ചെയ്യൂ**
ഏത് പോലെയാണോ ആകാശത്തിലൂടെ സഞ്ചരിക്കുന്നവർ ഉയർന്ന സ്ഥാനത്തായത് കൊണ്ട് ഭൂമിയുടെ ഏത് ഭാഗത്തെ ചിത്രം ആവശ്യമുണ്ടെങ്കിലും അതെടുക്കാൻ സാധിക്കുന്നത് അതേ പോലെ സൈലൻസിന്റെ ശക്തിയിലൂടെ അന്തര്മുഖതയുടെ ഗുഹയിലിരുന്ന് ശാന്തിയുടെ ആഴത്തിലുള്ള അനുഭവം ചെയ്യൂ, ഈ അനുഭവം ഡബിൾലൈറ്റ് ഫരിസ്ഥയാക്കും.